"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കണ്ണൂർ ജില്ലയിലെ ചെക്കിക്കുളം രാധകൃഷ്ണ എ.യു.പി.സ്കൂളിലെ സംസ്കൃതം അദ്ധ്യാപിക ശ്രീമതി.ഷംന.സി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.20449/2015 മേലുള്ള 08/03/2021 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.586/2023/GEDN തീയതി,തിരുവനന്തപുരം, 24-01-2023

---

പരാമർശം:-
1 3/11/2000 ലെ GO(MS) No 371/2000/GEDNഉത്തരവ്
2 04/11/2010 ലെ GO(MS) No 220/2010/GEDN ഉത്തരവ്
3 ശ്രീമതി.ഷംന.സി റിട്ട് ഹർജി നം. 20449/2015 മേലുള്ള 08/03/2021 ലെ വിധിന്യായം
4 27/10/2022 ലെ തളിപ്പറമ്പ സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി/1325/2021 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചെക്കിക്കുളം രാധാകൃഷ്ണ എ.യു.പി.സ്കൂളിലെ സംസ്കൃതം അദ്ധ്യാപിക ശ്രീമതി.ഷംന.സി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.20449/2015 മേലുള്ള പരാമർശം 3 ലെ വിധിന്യായത്തിൽ Ext.P5 ഉത്തരവ് മാറ്റി വച്ചുകൊണ്ട് ഹർജിക്കാരി, മാനേജർ എന്നിവരെ നേരിൽ കേട്ട് വിഷയം പുനഃപരിശോധിച്ച് 3 മാസത്തിനകം തീരുമാനമെടുക്കാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം ഹർജിക്കാരിയെയും മറ്റ് ബന്ധപ്പെട്ട കക്ഷികളേയും വീഡിയോ കോൺഫറൻസ് മുഖേന 22/07/2021 ൽ നേരിൽ കേട്ടു.

2. 31/03/2004 ലെ സംസ്കൃതം ഫുൾടൈം തസ്തികയിലെ വിരമിക്കൽ ഒഴിവിലേക്കാണ് ഹർജിക്കാരിയെ മാനേജർ നിയമിച്ചിട്ടുള്ളത്. എന്നാൽ തസ്തിക പാർട്ട്ടൈം ആണ് എന്ന കാരണം പറഞ്ഞ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനത്തിന് അംഗീകാരം നല്കിയില്ല. പിന്നീട് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് 06/2007 മുതൽ പാർട്ട്ടൈം തസ്തികയിൽ അംഗീകാരം നൽകിയിട്ടുണ്ട്. Group 'C' diversion മുഖേന ഫുൾടൈം ആയിട്ടുള്ള തസ്തിക, 13/11/2000 ലെ GO(MS)No. 371/2000/GEDN ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഫുൾടൈം ആയി തന്നെ തുടരുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും ക്രാഫ്റ്റിൽ നിന്നും 3

പീരിയഡ് എടുത്ത് Group diversion മുഖേന സംസ്കൃതം ഫുൾടൈം ആയി അനുവദിക്കാവുന്നതും, ടി സ്കൂളിൽ ഹർജിക്കാരിയുടെ നിയമന വർഷം നിയമന തീയതി മുതൽ ഫുൾടൈം തസ്തികയിൽ അംഗീകാരം ലഭിക്കുന്നതിന് അർഹതയുണ്ട് . ഈ സാഹചര്യത്തിൽ നിയമന വർഷം നിയമന തീയതി മുതൽ ഫുൾടൈം തസ്തികയിൽ അംഗീകാരം ലഭിക്കണമെന്ന ആവശ്യം അനുവദിക്കണമെന്ന് ഹർജിക്കാരി ഹിയറിംഗ് വേളയിൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം നിലവിലെ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും ഹിയറിംഗ് വേളയിലെ വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. ചെക്കിക്കുളം രാധാകൃഇ ഓഫീസിൽ സമർപ്പിക്കുകണ്ണ എ.യു.പി.സ്കൂളിൽ 31/03/2004 ന് വിരമിച്ച സംസ്കൃതം അദ്ധ്യാപികയായ ശ്രീമതി. പി. രമണി ഭായിയുടെ ഒഴിവിൽ മാനേജർ 02/06/2004 മുതൽ ഫുൾടൈം സംസ്കൃതാദ്ധ്യാപികയായി ശ്രീമതി.ഷംന.സി യെ നിയമിക്കുകയും നിയമനം അംഗീകരിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. നിയമന ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രീമതി. രമണി ഭായിയ്ക്ക്, 2/5/1973 തീയതിയിലെ ഗവ.ഉത്തരവ് GO(MS) 62/73-G.Edn-ന്റെ അടിസ്ഥാനത്തിൽ ഫുൾടൈം ആനുകൂല്യം നൽകിയിരുന്നതായും ടിയാൾ വിരമിച്ച തസ്തികയിലേക്കാണ് ശ്രീമതി.ഷംന.സി.യെ നിയമിച്ചതെന്നും കണ്ടെത്തിയതിനാലും അതോടൊപ്പം ഫുൾടൈം ആനുകൂല്യം നൽകിയയാൾ വിരമിക്കുന്ന അവസരത്തിൽ പ്രസ്തുത തസ്തിക പാർട്ട്ടൈം ആകുമെന്ന ഗവൺമെന്റ് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി. ഷംന.സി-യെ ഫുൾടൈം സംസ്കൃതാദ്ധ്യാപികയായി ഉൾക്കൊള്ളുന്നതിന് മതിയായ തസ്തിക ലഭ്യമല്ലാത്തതിനാൽ ടിയാളുടെ നിയമനം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിരുന്നു. ഇതിനെതിരെ ശ്രീമതി. ഷംന.സി. ബഹു കേരളാ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും WP(C)No. 2605/2007 തീയതിയിലെ 07/06/2007 ലെ ഇടക്കാല ഉത്തരവ് പ്രകാരം ടിയാൾക്ക് 06/2007 മുതൽ പാർട്ട്ടൈം തസ്തികയിലുള്ള നിയമനം അംഗീകരിച്ച് വേതനം നൽകുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഷംന.സി ക്ക് 06/2007 മുതൽ പാർട്ട്ടൈം സംസ്കൃതം തസ്തികയിലെ വേതനം അനുവദിച്ച് നൽകിയിരുന്നു.

4. ശ്രീമതി.ഷംന.സി ടിയാരിക്ക് നിയമന തീയതിയായ 2-6-2004 മുതൽ തന്നെ ഫുൾടൈം സംസ്കൃതാദ്ധ്യാപികയായി നിയമനം അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിൽ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ 20-11-2012 ലെ ഇ2/51642/2012 പൊ.വി.വ കത്ത് പ്രകാരം ശ്രീമതി.ഷംന.സി ക്ക് 1-4-2008 മുതൽ മാത്രം

(ക്രാഫ്റ്റ് അധ്യാപകനായ കെ.കെ. ലക്ഷ്മണന് പ്രഥമ അധ്യാപകനായി സ്ഥിരം അംഗീകാരം നൽകിയ തീയതിയായ 1-4-2008 മുതൽ) ഫുൾടൈം സംസ്കൃതാദ്ധ്യാപികയായുള്ള നിയമനം അംഗീകരിച്ചാൽ മതിയെന്ന് നിർദ്ദേശം നൽകിയിരുന്നു. ഈ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ 1-6-2006 മുതൽ ഫുൾടൈം സംസ്കൃതാദ്ധ്യാപികയായി ഇതിനോടകം നൽകിയ നിയമനം റദ്ദ് ചെയ്ത് 01-04-2008 മുതൽ പുതുക്കിയ തീയതിയിൽ നൽകുന്നതിനായി കെ.ഇ.ആർ അധ്യായം XIV A ചട്ടം 8 എ യുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ,പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2/7/2013 ലെ ബി4/8409/2013 നം. ഉത്തരവ് പ്രകാരം ,1-4-2008 മുതൽ മാത്രം ഫുൾടൈം സംസ്കൃതാദ്ധ്യാപികയായി അംഗീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ ബി/736/2012 ഉത്തരവ് പ്രകാരം നിയമനം പുതുക്കി നൽകുകയും ചെയ്തിരുന്നു. ശ്രീമതി. ഷംന.സി യുടെ ഫുൾടൈം സംസ്കൃതാദ്ധ്യാപികയായുള്ള 1-4-2008 മുതൽ ഉള്ള പുതുക്കിയ നിയമനം 15-11-2014 ലെ സ.ഉ(സാധാ)നം. 5015/2014/ പൊ.വി.വ. പ്രകാരം ശരിവെക്കുകയും ചെയ്തിരുന്നു.

5. 31/03/2004 ന് സേവനത്തിൽ നിന്നും വിരമിച്ചതുമായ ശ്രീമതി. പി. രമണി ഭായ് എന്ന അദ്ധ്യാപികയ്ക്ക് ഫുൾടൈം ആനുകൂല്യം നൽകിയിരുന്നതായും, ടിയാൾ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന്, സംസ്കൃതം വിഷയത്തിന് 12 പീരിയഡ് മാത്രമുള്ള സാഹചര്യത്തിൽ പാർട്ട്ടൈം സംസ്കൃത തസ്തിക മാത്രം അനുവദിച്ചതായും കാണുന്നു. ടി സ്കൂളിലെ ക്രാഫ്റ്റ് അധ്യാപകന് പ്രഥമ അധ്യാപകനായി സ്ഥാനക്കയറ്റം നൽകുകയും 1-4-2006 മുതൽ നോഷണലായും 1-4-2008 മുതൽ സ്ഥിരമായും സ്ഥാനക്കയറ്റം അംഗീകരിച്ച സാഹചര്യത്തിൽ group 'c' വിഷയമായ ക്രാഫ്റ്റിൽ നിന്നും 3 പീരിയഡ് എടുത്താണ് സംസ്കൃതം തസ്തിക ഫുൾടൈം ആയി അനുവദിച്ചിട്ടുള്ളതെന്നാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

<u>6. ഈ വിഷയത്തിൽ വിധിന്യായത്തിലെ നിർദ്ദേശം ഇപ്രകാരമാണ്.</u>

" I make it clear that I have set aside Ext.P5 order only on account of the contention of the petitioner that there was no teacher in 'music' in the school at the relevant time and if this is found to be credible, then Government will consider diversion of Group C periods, as has been prayed for by the petitioner, in terms of the then applicable

provisions of law".

7. 2004-2005 വർഷത്തിലെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം 2004-2005 വർഷത്തിൽ ടി സ്കൂളിൽ സ്പിന്നിംഗ് ആന്റ് വീവിങ് ഒരു തസ്തികയും നീഡിൽ വർക്ക്, ഒരു തസ്തികയും സ്പെഷ്യലിസ്റ്റ് തസ്തികകളായി അംഗീകരിച്ചിട്ടുണ്ടെന്നും ടി തസ്തികകളിൽ അധ്യാപകർ ജോലി ചെയ്തു വരുന്നതായും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മ്യൂസിക് തസ്തിക അംഗീകരിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. സംസ്കൃതം തസ്തികയിൽ ജോലി ചെയ്ത് 31-3-2004 ൽ വിരമിച്ച അദ്ധ്യാപികയ്ക്ക് ഫുൾടൈം ആനുകൂല്യം നൽകിയിരുന്നതായും ടി വിഷയത്തിന് 12 പീരിയഡ് മാത്രമുള്ളതിനാലാണ് പാർട്ട്ടൈം തസ്തിക അനുവദിച്ചിട്ടുള്ളതെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. 13/11/2000 ലെ GO(MS)No. 371/2000/GEDN ഉത്തരവ് പ്രകാരം, Group 'c' diversion മുഖേന ഫുൾടൈം അയിട്ടുള്ള തസ്തികകൾ പാർട്ട്ടൈം തസ്തികകൾ ആയി മാറ്റാൻ കഴിയാത്ത സാഹചര്യത്തിലും ടി വർഷം മ്യൂസിക് തസ്തിക നിലവിലില്ലാത്തതിനാലും നിയമനം ഫുൾടൈം തസ്തികയിൽ നിയമന തീയതി മുതൽ അംഗീകരിക്കണമെന്നതാണ് ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ളത്. ഗ്രൂപ്പ് സി ഡൈവേർഷൻ മുഖേന ഫുൾടൈം ആയി ജോലിചെയ്തിരുന്ന അധ്യാപകർ വിരമിച്ചാൽ തുടർന്ന് വരുന്ന അധ്യാപകന് പ്രസ്തുത ആനുകൂല്യം ലഭിക്കില്ലെന്നത് 2010നു ശേഷമുള്ള പുതിയ നിയമനങ്ങൾക്കു മാത്രമേ ബാധകമാകുന്നുള്ളൂ. ഈ സാഹചര്യത്തിൽ മ്യൂസിക്കിന്റെ പീരിയഡ് ഗ്രൂപ്പ് സി ഡൈവേർഷന് ലഭ്യമായിരുന്നോ എന്നും ഹർജിക്കാരി 2004-2005 വർഷം മുതൽ 15 പീരിയഡുകൾ പഠിപ്പിച്ചിരുന്നോ എന്നുമുള്ളതു സംബന്ധിച്ച് റിപ്പോർട്ട് തളിപ്പറമ്പ സൗത്ത് ഉപജില്ലാവിദ്യാഭ്യാസ ഓഫീസറിൽ നിന്നും ലഭ്യമാക്കിയിരുന്നു. സ്കൂളിലെ 2004-2005 വർഷത്തിലെ സ്റ്റാഫ് ഫിക്സേഷൻ പ്രകാരം ടി വിദ്യാലയത്തിൽ മ്യൂസിക് തസ്തിക അംഗീകരിച്ചിട്ടില്ല എന്നും ആയതിനാൽ ഗ്രൂപ്പ് സി ഡൈവേർഷന് മ്യൂസിക്കിന്റെ പീരിയഡ് ലഭ്യമല്ല എന്നും എന്നാൽ ടി സ്കൂളിലെ സംസ്കൃതം അധ്യാപികയായ ശ്രീമതി.ഷംന സി 2004-2005 വർഷം മുതൽ 15 പീരിയഡുകൾ പഠിപ്പിച്ചിരുന്നു എന്നും പരാമർശം 4 പ്രകാരം തളിപ്പറമ്പ സൗത്ത് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചെക്കിക്കുളം രാധാകൃഷ്ണ എ.യു.പി.സ്കൂളിലെ സംസ്കൃതം അദ്ധ്യാപിക ശ്രീമതി.ഷംന.സിയ്ക്ക് ഫുൾടൈം തസ്തികയിൽ നിയമന അംഗീകാരം നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ തളിപ്പറമ്പ സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

9. റിട്ട് ഹർജി നം.20449/2015 മേലുള്ള പരാമർശം 3 ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തളിപ്പറമ്പ സൗത്ത്, പി.ഒ മായിൽ, കണ്ണൂർ- 670602

ശ്രീമതി.ഷംന.സി, സംസ്കൃതം അദ്ധ്യാപിക, രാധാകൃഷ്ണ എ.യു.പി.സ്കൂൾ ചെക്കിക്കുളം പി.ഒ, ചെക്കിക്കുളം, കണ്ണൂർ - 670592

മാനേജർ, രാധാകൃഷ്ണ എ.യു.പി.സ്കൂൾ ചെക്കിക്കുളം പി.ഒ, ചെക്കിക്കുളം, കണ്ണൂർ - 670592

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
സെക്ഷൻ ഓഫീസർ
Date: 24-01-2023 14:59:55